# ജാതി അടിമത്തവും അറ്റ്ലാന്റിക് അടിമത്തവും

## ജോതിബ ഫുലെയുടെയും ബി. ആർ. അംബേദ്കറുടെയും കാഴ്ചപ്പാടുകൾ

എ. എം. ഷിനാസ്

അസിസ്റ്റന്റ് പ്രൊഫസർ, ചരിത്രവിഭാഗം, കെ.കെ.ടി.എം ഗവ. കോളേജ്, പുല്ലൂറ്റ്

### സംഗ്രഹം

ജാതിയും (caste) വംശവും (race) തമ്മിലുള്ള പരസ്പരബന്ധത്തിനും (co-relationship) അവയുടെ അവിച്ഛിന്നഭാഗങ്ങളായ വിവേചനത്തിനും അടിച്ചമർത്തലിനും അടിമത്തത്തിനും നീണ്ട ചരിത്രമുണ്ട്. ഇവയുൾക്കൊള്ളുന്ന വ്യവസ്ഥിത (systemic) ചൂഷണവും അടിച്ചമർത്തലും പീഡനവും അടിമത്തവും ഒരേതട്ടിൽപ്പെടുത്തിയുള്ള വിശകലനങ്ങൾക്ക് ഒന്നരനൂറ്റാണ്ടെങ്കിലുമുള്ള ചരിത്രമുണ്ട്; അക്കാദമിക സമീക്ഷയിൽ, സംവർഗങ്ങൾ എന്ന നിലയ്ക്ക് ഇവയ്ക്ക് അസമാനതകൾ ഉണ്ടെങ്കിലും ജാതി അടിമത്തത്തെയും വംശീയ അടിമത്തത്തെയും ഒരേതട്ടിൽപ്പെടുത്തി അവയുടെ സാദൃശ്യങ്ങളും അസാദൃശ്യങ്ങളും വിശ്ലേഷണം ചെയ്ത ദളിത് ജൈവബുദ്ധിജീവികളിൽ പ്രമുഖരത്രെ ജോതിബ ഗോവിന്ദ്റാവു ഫൂലെയും ബി.ആർ. അംബേദ്കറും. പിന്നീട് ദളിത് പാന്തേഴ്സ് പോലുള്ള റാഡിക്കൽ അംബേദ്കറൈറ്റ് പ്രസ്ഥാനങ്ങൾ ഈ സമാന്തരത്വത്തിൽ നിന്ന് പ്രചോദനോർജ്ജവും ആഴവും ആയവും സംഭരിച്ചു. ജോതിറാവു ഫൂലെയും ബി.ആർ. അംബേദ്കറും ജാതി അടിമത്തത്തെയും അമേരിക്കയിലെ വംശീയ അടിമത്തത്തെയും എങ്ങനെയാണ് അഭിവീക്ഷിച്ചത് എന്നതാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണവിഷയം.

**താക്കോൽ വാക്കുകൾ**: ജാതിഅടിമത്തം(Caste-basedslavery),വംശീയ അടിമത്തം(Racial slavery),അറ്റ്ലാന്റിക് അടിമത്തം(Atlantic slavery),മുക്കോണ വിവേചനം(Triangular discrimination), പ്രത്യയശാസ്ത്ര നടുനായകത്വം(Ideological hegemony),ഗുലാംഗിരി,ഹാർലം നവോത്ഥാനം(Harlem Renaissance).

2001 ഓഗസ്റ്റ് 31–സപ്തംബർ 8 വരെയുള്ള ദിവസങ്ങളിലാണ് ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ 'വേൾഡ് കോൺഫറൻസ് എഗെൻസ്റ്റ് റേസിസം, റേഷ്യൽ ഡിസ്ക്രിമിനേഷൻ, സെനോഫോബിയ ആൻഡ് റെലേറ്റഡ് ഇന്റ്റോലറൻസ്' (WCAR) നടന്നത്. അതിൽ റേസിസവും അപ്പാർത്തീഡും കൊളോണിയലിസവും സയണിസവും മറ്റും ചർച്ച ചെയ്യപ്പെട്ടപ്പോൾ ഇന്ത്യയിൽ അതിന്റെ പശ്ചാത്തലത്തിൽ ജാതിയും (caste) വംശവുമായി (race) ബന്ധപ്പെട്ട പ്രശ്നങ്ങൾ തീക്ഷ്ണസംവാദങ്ങൾക്ക് വഴിവെക്കുകയും റാഡിക്കൽ ദളിത് ഗ്രൂപ്പുകൾ ജാതിയെയും ഡർബൻ കോൺഫറൻസിന്റെ അജണ്ടയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശക്തമായി രംഗത്തുവരികയും ചെയ്തിരുന്നു. സുക്കാദിയോ തൊറാട്ടും ഉമാകാന്തും എഡിറ്റ് ചെയ്ത ഒരു ശ്രദ്ധേയ ഗ്രന്ഥവും ബാൽമുരളി നടരാജനും ഗ്രീനൗ പോളും ചേർന്നെഴുതിയ ഒരു പുസ്തകവും ജാതി-വംശപ്രശ്നങ്ങളുടെ വ്യത്യസ്തവും വ്യതിരിക്തവുമായ മാനങ്ങൾ വിശകലനവിധേയമാക്കി അക്കാലത്ത് പുറത്തുവന്നു.[1] 2020-ൽ ഇസബൽ വിൽകെർസൺ രചിച്ച മറ്റൊരു പുസ്തകം, അമേരിക്കയിൽ ആഫ്രിക്കൻ-അമേരിക്കക്കാരും ഇന്ത്യയിൽ ദളിതരും നേരിടുന്നതും നാസി ജർമനിയിൽ ജൂതൻമാർ നേരിട്ടിരുന്നതുമായ അപമാനവീകരണവും ഹിംസയും ഒരുമിച്ച് അപഗ്രഥിക്കുന്ന ചരിത്രങ്ങളുടെ ആഖ്യാനം പ്രസിദ്ധീകരിക്കുകയും അത് പരക്കെ ചർച്ച ചെയ്യപ്പെടുകയുമുണ്ടായി.[2] അനികെത് ജാവരെ നിരീക്ഷിച്ചതുപോലെ 'ജനനത്തിനു മുൻപേ സംഭവിക്കുന്നതും മരണശേഷവും നിലനിൽക്കുകയും ചെയ്യുന്ന' ഈ മുക്കോണവിവേചനപീഡാപർവ്വം സമകാലികലോകത്തും പിന്നീട് ജനീവയിലും (2009) ന്യൂയോർക്കിലും (2011) അത്തരം സമ്മേളനങ്ങൾ നടന്നതിനുശേഷവും പ്രക്ഷുബ്ധ സംവാദവിഷയമാണ്. ജോർജ് ഫ്ലോയിഡിന്റെ നിഷ്ഠൂരമായ വംശവെറിഹത്യ ഇതിനെ പൂർവാധികം തീക്ഷ്ണമാക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ ഇന്ത്യയിലെ ലബ്ധപ്രതിഷ്ഠരായ ദളിത് ജൈവബുദ്ധിജീവികളായ ജോതിറാവു ഫൂലെയും ബി.ആർ. അംബേദ്കറും ജാതി അടിമത്തത്തെയും അമേരിക്കൻ അടിമത്തത്തെയും എങ്ങനെയാണ് അഭിവീക്ഷിച്ചത് എന്ന് പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ. ജാതി അടിമത്തം ഒരു പ്രാചീനപ്രതിഭാസവും ജാത്യാധിഷ്ഠിതമായ സാമൂഹികക്രമവുമായി ജൈവികബന്ധമുള്ളതും എന്നാൽ അറ്റ്ലാന്റിക് ലോകത്തെ അടിമത്തം ഒരു ആധുനികപ്രതിഭാസവും യൂറോപ്യൻ കൊളോണിയലിസവുമായി ദൃഢബന്ധവുമുള്ളതാണ്. ഈ വ്യത്യാസം കാണാതിരിക്കുന്നില്ല.

### ജോതിബഫൂലെയും ഗുലാംഗിരിയും

1865-ൽ അമേരിക്കൻ ഭരണഘടനയുടെ പതിനഞ്ചാം ഭേദഗതിയിലൂടെ അടിമത്തം നിരോധിച്ചതിന് ശേഷം എട്ടുകൊല്ലം കഴിഞ്ഞ്, 1873-ലാണ് ജോതിബ ഗോവിന്ദ് റാവു ഫൂലെ (1827-1890) 'ഗുലാംഗിരി' മറാത്തിഭാഷയിൽ പ്രസിദ്ധീകരിക്കുന്നത്. ഇറ്റാലിയൻ മാർക്സിസ്റ്റ്ചിന്തകനായ ഗ്രാംഷി പ്രത്യയശാസ്ത്രപരമായ അധീശത്വം പ്രത്യയശാസ്ത്ര പ്രത്യധീശത്വം എന്നീ സങ്കല്പനങ്ങൾ മുന്നോട്ടുവെക്കുന്നതിനു മുൻപുതന്നെ, 'ശൂദ്രർ-ആദിശൂദ്രർ' എന്ന് ഫൂലെ വ്യവഹരിച്ച അയിത്ത-അടിമ ജാതികൾ ബ്രാഹ്മണികപ്രത്യയശാസ്ത്ര നടുനായകത്വത്തിൽ നിന്നും സാംസ്കാരിക മേധാവിത്വത്തിൽ നിന്നും വിടുതൽ നേടണമെന്നും അവർ ഒരു ബദൽ പ്രത്യയശാസ്ത്രം ഉരുത്തിരിക്കണമെന്ന് തിരിച്ചറിയുകയും ആ ദിശയിൽ സർവതലസ്പർശിയായ പ്രവൃത്തികളിൽ മുഴുകുകയും ചെയ്തിരുന്നു. ഴാക് ദരിദ അപനിർമാണം എന്ന പാഠസൈദ്ധാന്തിക സമീക്ഷ മുന്നോട്ടുവെക്കുന്നതിനു മുൻപു തന്നെ, പത്തൊമ്പതാംനൂറ്റാണ്ടിൽ മാക്സ് മുള്ളർ, വിൻസന്റ് സ്മിത്ത്, തോമസ് വില്ല്യം റൈസ് ഡേവിസ് തുടങ്ങിയവരിലൂടെ അക്കാലത്തെ ചരിത്രവ്യവഹാരങ്ങളിൽ രൂഢിയായ ആര്യാധാനിവേശസിദ്ധാന്തത്തെ ജോതിബ ഫൂലെ തലകുത്തിനിർത്തി. തീർത്തും വിരുദ്ധമായ മറ്റൊരാഖ്യാനം ഇന്ന് പക്ഷെ, റോമിലഥാപ്പറെപ്പോലുള്ളവർ ആര്യജനവിഭാഗങ്ങളെ ഒരു 'വംശ'മെന്ന നിലയിലും 'അധിനിവേശമല്ല' കുടിയേറ്റമാണ് ഉണ്ടായതെന്ന നിലയിലുമാണ് കാണുന്നത്. മധ്യേഷ്യയിൽ നിന്ന് കുടിയേറിവന്ന ആര്യഭാഷ സംസാരിക്കുന്ന ജനവിഭാഗവും ഇവിടെ അവർ അഭിമുഖീകരിച്ച ജനവിഭാഗങ്ങളും തമ്മിൽ സംഘർഷവും അതേക്കാളേറെ കൊടുക്കൽ വാങ്ങലുകളുമാണ് ഉണ്ടായതെന്നും റോമില ഥാപ്പർ വാദിക്കുന്നു.[3] ആര്യാധിനിവേശത്തെ അംഗീകരിച്ചുകൊണ്ടുതന്നെ അതിനെ റാഡിക്കലായി അഴിച്ചുനോക്കി തകിടം മറിച്ച്, ഒരു ഇതര വിമോചനാത്മക ആഖ്യാനം സൃഷ്ടിക്കുകയുമായിരുന്നു ഫൂലെ. ഈ ഗ്രന്ഥം ഫൂലെ എഴുതുമ്പോൾ സിന്ധുനദീതട നാഗരികതയെന്നും ഹാരപ്പൻ നാഗരികതയെന്നും വിളിക്കപ്പെടുന്ന, സാമാന്യേന മിക്ക ചരിത്രപടുക്കളും പുരാതത്ത്വവിജ്ഞാനീയവിദഗ്ദരും അനാര്യനാഗരികതയായിരുന്നു അതെന്ന് അഭിപ്രായപ്പെടുന്ന, വൈദികവാങ്മയ പൂർവനാഗരികത അനാച്ഛാദനം ചെയ്യപ്പെട്ടിരുന്നില്ല. അത് ഫൂലെയുടെ കാലത്ത് അനാവൃതമായിരുന്നുവെങ്കിലും ഗുലാംഗിരിയുടെ വാദമുഖ പ്രകൃതം കാര്യമായി മാറുമായിരുന്നില്ല. മറിച്ച് തന്റെ വാദങ്ങൾക്ക് കൂടുതൽ ദൃഢതയും ആഴവും കൈവരുമായിരുന്നു. പ്രത്യേകിച്ച് ഇർഫാൻ ഹബീബിനെപ്പോലുള്ളവർ വൈദിക ആര്യൻമാർക്കു മുൻപ് ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ വടക്കു

പടിഞ്ഞാറ് എത്തിച്ചേർന്ന ആദ്യകാല ആര്യവിഭാഗമാണ് (Early Aryans) ഹാരപ്പൻ നഗരസംസ്കാരത്തിന്റെ ബലക്ഷയത്തിനും ച്യുതിക്കും നാശത്തിനും കളമൊരുക്കുന്നതിൽ പങ്കുവഹിച്ചത് എന്ന അനുമാനം പ്രബല ചരിത്രലക്ഷ്യങ്ങൾ മുൻനിർത്തി വാദിക്കുന്ന സാഹചര്യത്തിൽ[4].

ഗുലാംഗിരിയിൽ ജാതിവ്യവസ്ഥയുടെ വംശീയസിദ്ധാന്തത്തിന് ഫൂലെ നൽകുന്ന വിശ്വാസയോഗ്യത ഈ ലഘുകൃതിയുടെ പരിമിതിയായി കാണാമെങ്കിലും നിലവിലുണ്ടായിരുന്ന ഒരു വ്യവഹാരത്തിന്റെ ധാർമികയുക്തിയെ അദ്ദേഹം തലകീഴാക്കി വ്യാഖ്യാനിക്കുകയായിരുന്നു എന്ന് ഗെയ്ൽ ഓംവെദ്ത് നിരീക്ഷിച്ചിട്ടുണ്ട്.[5] ഹിന്ദുയിസത്തിലെ മിത്തുകളെ ഫൂലെ അസ്ഥിരീകരിക്കുകയും അവയുടെ യുക്തിയെ ചതച്ച് പിളർക്കുകയുമാണ് ചെയ്യുതെന്ന് ഗെയ്ൽ ഓംവെദ്ത് കൂട്ടിച്ചേർക്കുന്നു.

മറാത്തിഭാഷയിലാണ് എഴുതപ്പെട്ടതെങ്കിലും 'ഗുലാംഗിരി'യുടെ ആമുഖം ആംഗലേയത്തിലാണ്.[6] 16 പ്രബന്ധരൂപശകലങ്ങളും നാല് പദ്യരചനകളും ഉൾക്കൊള്ളുന്ന ഈ കൃതി, ജോതിബ റാവുവും ദോൺഡിബ എന്ന കഥാപാത്രവും തമ്മിൽ നടത്തുന്ന സംഭാഷണരൂപത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ആമുഖം തുടങ്ങുന്നത് ഗ്രീക്ക് കവിയായ ഹോമറിന്റെ ഉദ്ധരണിയോടെയാണ്: 'ഒരു മനുഷ്യനെ അടിമത്തത്തിലേക്ക് ചവിട്ടിത്താഴ്ത്തുന്ന ദിവസം ആ വ്യക്തിയുടെ പകുതി ഗുണവും എടുത്തുകളയുന്നു.' ഗുലാംഗിരി, 'അമേരിക്കൻ ഐക്യനാടുകളിലെ നല്ലവരായ മനുഷ്യർക്ക്' ആണ് ഫൂലെ സമർപ്പിച്ചിരിക്കുന്നത്: 'നീഗ്രോ അടിമത്ത'ത്തിന്റെ ഉച്ചാടനത്തിനുവേണ്ടി ഉദാത്തവും നിസ്വാർഥവും ആത്മത്യാഗനിഷ്ഠവുമായ പ്രവർത്തനം നടത്തുന്ന എല്ലാ നല്ലവരായ അമേരിക്കക്കാർക്കുമുള്ള ആദരസൂചകമായി ഇത് സമർപ്പിക്കുന്നു; എന്റെ നാട്ടുകാർ അവരുടെ ശൂദ്രസഹോദരന്മാരെ ബ്രാഹ്മണ അടിമത്തത്തിൽനിന്ന് വിമോചിപ്പിക്കുമെന്ന ദൃഢവും ആത്മാർഥവുമായ ആഗ്രഹത്തോടെ'[7] 'നീഗ്രോ അടിമത്തം' എന്ന വിഷയത്തെപ്പറ്റി ജോതിറാവു ഫൂലെ ആമുഖത്തിൽ എഴുതുന്നു: 'ബ്രാഹ്മണരുടെ വാദമുഖങ്ങൾ ശൂദ്രരുടെ മനസ്സിൽ ഗാഢമായി പതിപ്പിച്ചിട്ടുണ്ട് അമേരിക്കയിലെ നീഗ്രോ അടിമകളെപ്പോലെത്തന്നെ ശൂദ്രരും, അവർക്കുവേണ്ടി പോരാടുകയും അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് അവരെ സ്വതന്ത്രരാക്കാൻ യത്നിക്കുകയും ചെയ്യുന്നവരെ എതിർക്കുന്നു'[8]. ഫൂലെ വ്യസനപൂർവമാണ് ഇത് പറയുന്നത്. എങ്കിലും ഫൂലെ വിശ്വസിച്ചിരുന്നത്, 'സ്വാതന്ത്ര്യം എന്ന തത്ത്വം' ആണ് അമേരിക്കക്കാരുടെ 'മനുഷ്യസ്നേഹ'ത്തിനു പിന്നിലുള്ളതെന്നും വെള്ളക്കാരായ അമേരിക്കക്കാർ

ആഫ്രിക്കൻ-അമേരിക്കക്കാർക്കുവേണ്ടി പ്രയത്നിക്കുന്നത് കാര്യലാഭത്തിനു വേണ്ടിയല്ലെന്നും സ്വജീവൻപോലും അപകടപ്പെടുത്തിയാണെന്നുമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽത്തന്നെ ആഫ്രിക്കൻ-അമേരിക്കക്കാരെയും ശൂദ്ര-ആദിശൂദ്രവിഭാഗങ്ങളെയും തമ്മിൽ ചേർത്ത് ചിന്തിക്കാൻ ജോതിറാവു ഫൂലെയെ പ്രേരിപ്പിച്ച സാമൂഹികഭൂമിക എന്താവാം? 1847-ൽ ഫൂലെ പഠനം പൂർത്തീകരിച്ചത് പൂനെയിലെ സ്കോട്ടിഷ് മിഷൻ ഇംഗ്ലീഷ് സ്കൂളിലായിരുന്നു. അതേപ്പറ്റി ധനഞ്ജയ് കീർ എഴുതുന്നു: 'അന്ന് ഫൂലേയ്ക്ക് പതിനാല് വസ്സായിരുന്നു. ഫൂലെയും സുഹൃത്തായ ഗൊവാൻഡെയും ശിവജിയെയും ജോർജ് വാഷിംഗ്ടണെയും പറ്റി വായിച്ചിരുന്നു. എന്നാൽ തോമസ് പെയ്നിന്റെ Rights of Man ആണ് ഫൂലെയെ ഏറ്റവും സ്വാധീനിച്ച പുസ്തകം; പ്രത്യേകിച്ച് മനുഷ്യാവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കാര്യങ്ങൾ.[9] പ്രശസ്ത രാഷ്ട്രമീമാംസകനായ ക്രിസ്റ്റഫ് ജഫ്രേലോട്ടും സ്കോട്ടിഷ് മിഷൻ സ്കൂളിലെ പഠനകാലം ഫൂലെയുടെ പിൽക്കാല ആശയങ്ങളെ പാകപ്പെടുത്തിയതിന്റെ പങ്കിനെക്കുറിച്ച് പറയുന്നുണ്ട്: 'അമേരിക്കയുടെ സ്ഥാപകപിതാക്കളെ അടുത്തറിഞ്ഞപ്പോഴാണ് സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള ആശയങ്ങൾ ഫൂലെയിൽ ഉരുത്തിരിഞ്ഞുവന്നത്. സമത്വവും സ്വാതന്ത്ര്യവും അമേരിക്കൻ ഐക്യനാടുകളിൽ ഉച്ചനിലയിലെത്തിയെന്ന് ഫൂലെ കരുതി. പിന്നീട് ആഫ്രിക്കൻ-അമേരിക്കക്കാരുടെയും ഇന്ത്യയിലെ ദളിതരുടെ ജീവിതപരിതോവസ്ഥയുടെയും പൊരുത്തം അദ്ദേഹത്തിന്റെ ശ്രദ്ധയിൽവന്നു. അമേരിക്കൻസമൂഹം കറുത്തവർഗക്കാർക്ക് അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകി എന്നദ്ദേഹം വിശ്വസിച്ചു'[10]

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ നടത്തിയ സ്കൂളിലെ ഫൂലെയുടെ വിദ്യാഭ്യാസകാലത്തെക്കുറിച്ച് സുനിൽ കിൽനാനി എഴുതുന്നു: 'പ്രൊട്ടസ്റ്റന്റ് മിഷനറിമാർ രാജ്യത്തിന്റെ പല ഭാഗങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു. മിഷനറിമാരിൽ പലരും ബൈബിൾ കൈയിലേന്തിയ മതഭ്രാന്തൻമാരായിരുന്നില്ല. അത്തരം ഒരു സ്കോട്ടിഷ് സ്കൂളിൽ വെച്ചാണ് ഫൂലെ ജ്ഞാനോദയാശയങ്ങളെ കണ്ടുമുട്ടുന്നത്. മാർട്ടിൻലൂതറിനെയും ജോർജ് വാഷിംഗ്ടണെയും സർവോപരി തോമസ് പെയിനിനെയും അങ്ങനെയാണ് ഫൂലെ അടുത്തറിയുന്നത്. മനുഷ്യരുടെ മൂല്യങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും തോമസ് പെയിനിന്റെ Rights of Man ന്റെ വായനയിലൂടെയാണ് ഫൂലെ, ഇന്ത്യൻ സാമൂഹികയാഥാർത്ഥ്യങ്ങളോട് ചേർത്തുവെച്ച് ആശയരൂപീകരണം നടത്തുന്നത്.[11]

ഫൂലെയുടെ ബ്രാഹ്മണ്യ പ്രത്യയശാസ്ത്രവിരുദ്ധതയും സമത്വത്തെ

പ്പറ്റിയുള്ള സങ്കല്പനങ്ങളും കരുപ്പിടിപ്പിച്ചതിൽ പ്രൊട്ടസ്റ്റന്റ് മിഷനറി ബോധനശാസ്ത്രം വഹിച്ച പങ്ക് ചെറുതല്ല. ബ്രിട്ടീഷുകാർ ഇന്ത്യയുടെ സമ്പത്ത് ചോർത്തുകയും ഉപഭൂഖണ്ഡത്തെ ദരിദ്രമാക്കുകയും ചെയ്തെങ്കിലും ഫൂലെയ്ക്കും അംബേദ്കർക്കും പുതിയ വ്യവഹാരങ്ങളുടെ വാതിൽ തുറന്നിട്ട് തൽസ്ഥിതിയെ മാറ്റാനുള്ള ബൗദ്ധികോർജ്ജം പ്രദാനം ചെയ്തുവെന്നും അരുന്ധതി റോയ് നിരീക്ഷിക്കുന്നുണ്ട്. ഫൂലെയെ ഇന്ത്യൻ ദേശീയവാദികളുടെ ഗണത്തിൽപ്പെടുത്തുന്നത് തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അദ്ദേഹം ഒരു യഥാർഥ ദേശീയവാദവിരുദ്ധൻ ആയിരുന്നുവെന്നും മറ്റൊരർത്ഥത്തിൽ ഗെയിൽ ഓംവെദ്ത് എഴുതുന്നു. രാജ്യത്തെ എല്ലാ ശ്രേണീകൃതഘടനകളും വേർതിരിവുകളും മാറ്റിവെച്ച് ഇന്ത്യക്കാർ ഐക്യപ്പെടണമെന്ന ആശയം ഫൂലെയ്ക്ക് ദഹിച്ചിരുന്നില്ല. വിദ്യാഭ്യാസമായിരുന്നു, രാഷ്ട്രത്തെയോ ഭൂപ്രദേശത്തെയോ പറ്റിയുള്ള ആശയമായിരുന്നില്ല ഫൂലെയ്ക്ക് സ്വദേശിയും രാജ്യസ്നേഹവും എന്ന് ഗെയ്ൽ ഓംവെത്ത് എഴുതുന്നു.[12]

സ്കോട്ടിഷ് മിഷൻസ്കൂളിലെ പഠനം ഫൂലെയിൽ ചെലുത്തിയ സ്വാധീനവും കേരളത്തിലെ അടിമജാതികളിൽ പ്രൊട്ടസ്റ്റന്റ്മിഷണറികൾ സൃഷ്ടിച്ച സ്വാധീനവും ചേർത്തുവായിക്കാമെന്ന് തോന്നുന്നു. പി. സനൽമോഹൻ ഈ പരിവർത്തനാത്മകമായ മിഷനറി പ്രഭാവത്തെ ഇങ്ങനെ സംക്ഷേപിക്കുന്നു:

> “പ്രൊട്ടസ്റ്റന്റ് മിഷനറി ആഖ്യാനങ്ങളിലാണ് അടിമജാതികൾ ആദ്യമായി മനുഷ്യരായി കണക്കാക്കപ്പെട്ടത്. ഈ ആഖ്യാനങ്ങളിൽ മാത്രമാണ് അടിമജാതികൾ ശരീരവും ആത്മാവും വികാരവും വിചാരവും ഭൂതവും വർത്തമാനവും ഭാവിയുമുള്ള, എല്ലാറ്റിലുമുപരി പേരുമുള്ള മനുഷ്യരായി പരിഗണിക്കപ്പെടുന്നത്... .... ഡിക്ക് കയ്മാനെപ്പോലുള്ള ചരിത്രകാരൻമാരും ദേശീയവാദസമീപനമുള്ള ചരിത്രകാരൻമാരും വാദിക്കുന്നത് അടിമജാതികളുടെ മതപരിവർത്തനം ജീവിത സാഹചര്യങ്ങളാൽ പ്രചോദിതമായി നടന്നതാണെന്നും ക്രിസ്തുമതത്തിലെ പാപ-പശ്ചാത്താപ ചിന്തകളല്ല അവരെ നയിച്ചതെന്നുമാണ്. എന്നാൽ തിരുവിതാംകൂറിലെ അടിമജാതികൾക്ക് മിഷണറിമാർ പുതിയ മതശൈലീ വ്യവഹാരവും അനുഷ്ഠാനങ്ങളും പരിചയപ്പെടുത്തി. അതാണ് അവർക്ക് പുതിയ കർത്തൃത്വം പ്രദാനം ചെയ്തത്. ക്രിസ്തുമതത്തിലെ പത്തു കല്പനകൾ, വിശുദ്ധത്രിത്വ സങ്കല്പം, വിശ്വാസം, പാപം, പശ്ചാത്താപം, കുറ്റസമ്മതം തുടങ്ങിയവ അടിമജാതികളിൽ ഒരു പുതുമന:സ്ഥിതി ഉരുത്തിരിച്ചു. അതാണ് സ്വാതന്ത്ര്യത്തെക്കുറിച്ചും വിമോചനത്തെക്കുറിച്ചും ഭാവന ചെയ്യാനുള്ള ഉൾക്കരുത്തും നിർ

> വാഹകത്വവും അവർക്ക് നൽകിയത്. അടിമജാതികൾക്കിടയിൽ പ്രവർത്തിച്ച ചർച്ച് മിഷനറി സൊസൈറ്റിയാണ് ജോലി, സമയം, വിശ്രമം, മിതവ്യയം, കുടുംബജീവിതം, ഭക്ഷണം, വസ്ത്രധാരണം, വീട് എന്നിവയെപ്പറ്റി അവർക്ക് പുതിയ ആശയങ്ങൾ നൽകിയത്. ഇവ മിഷനറിമാരുടെ 'ശുചിത്വം' എന്ന കേന്ദ്രാശയത്തെ അടിസ്ഥാനമാക്കിയായിരുന്നുവെങ്കിലും സ്വാതന്ത്ര്യവും സമത്വവും അതേ അളവിൽ ത്തന്നെ മിഷനറിമാർക്ക് പ്രാധാന്യമുള്ളതായിരുന്നു".[13]

അടിമത്തം അവസാനിപ്പിച്ച അമേരിക്കക്കാരെ അഭിവാദനം ചെയ്ത് ഫൂലെ എഴുതി:

> "മറ്റാരെക്കാളും ഇതിനെ വിലമതിക്കുക ശൂദ്രരും ആദി ശൂദ്രരുമാണ്. ഒരു അടിമയായിരിക്കുക എന്ന അവസ്ഥ അടിമയ്ക്ക് മാത്രമേ മനസ്സിലാക്കാൻ കഴിയൂ. അടിമത്തത്തിന്റെ ചങ്ങലകളിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതിന്റെ ഹർഷാതിരേകവും അടിമകൾക്കു മാത്രമേ ഗ്രഹിക്കാൻ കഴിയൂ... കറുത്തവർഗക്കാരെ പിടിച്ചെടുത്ത് തടവുകാരാക്കി അടിമകളായി വിൽക്കുകയായിരുന്നുവെങ്കിൽ ശൂദ്ര-ആദിശൂദ്ര ജനവിഭാഗങ്ങളെ ഭട്ടന്മാരും ബ്രാഹ്മണരും കീഴടക്കി അടിമകളാക്കുകയായിരുന്നു. ഈ ഒരു വ്യത്യാസമൊഴിച്ച് രണ്ടു കൂട്ടരുടെയും അവസ്ഥ വളരെ സാമ്യമുള്ളതായിരുന്നു. കറുത്ത ജനവിഭാഗം അനുഭവിച്ച എല്ലാ ദുരിതങ്ങളിലൂടെയും ദുരന്തങ്ങളിലൂടെയും ശൂദ്രരും ആദിശൂദ്രരും കടന്നുപോയിട്ടുണ്ട്. ഒരുപക്ഷെ, ഇവർ ബ്രാഹ്മണരിൽ നിന്ന്കൂടുതൽ ക്ലേശം അനുഭവിച്ചിട്ടുണ്ട്".[14]

**അംബേദ്കറും 'കറുത്ത അമേരിക്കയും'**

അമേരിക്കയിലെ അടിമത്തത്തെക്കുറിച്ചും ആഫ്രിക്കൻ-അമേരിക്കക്കാരുടെ ഔപചാരികമായ അടിമത്ത നിരോധനത്തിനുശേഷം അവർ അഭിമുഖീകരിച്ചിരുന്ന കടുത്ത വിവേചനത്തെക്കുറിച്ചും ബി.ആർ. അംബേദ്കർക്കുണ്ടായിരുന്ന ധാരണ വ്യത്യസ്തമായിരുന്നു. ജോതിറാവു ഫൂലെയെപ്പോലെ അടിമത്തനിരോധനം നടപ്പിൽ വരുത്തിയ അമേരിക്കയെ കാല്പനികവത്കരിക്കാൻ അംബേദ്കറുടെ ഭാഗത്തുനിന്ന് ഒരു ഉദ്യമവുമുണ്ടായില്ല. മറിച്ച്, അമേരിക്കൻ അടിമത്തത്തെ അപേക്ഷിച്ച് അത്യന്തം നീചവും നികൃഷ്ടവുമാണ് ഇന്ത്യയിലെ ജാതിവ്യവസ്ഥയും അയിത്തവും ജാതി അടിമത്തവും എന്നായിരുന്നു അംബേദ്കറുടെ സുചിന്തിതമായ നിലപാട്. 'അടിമകളും അയിത്തജാതികളും' (Slaves and Untouchables) എന്ന പ്രബന്ധത്തിൽ ഈ രണ്ട് മനുഷ്യത്വശൂന്യമായ വ്യവസ്ഥകളെയും അംബേദ്കർ താരതമ്യം ചെയ്യുന്നു:

'അടിമത്തം (അമേരിക്കയിലെ) ഒരിക്കലും നിയമബദ്ധ കർത്തവ്യമായിരുന്നില്ല. അടിമത്തവുമായി ബന്ധപ്പെട്ട നിയമങ്ങൾ അടിമകളുടെ വിമോചനത്തിന് അവസരം നൽകുന്നുണ്ട്. ഒരിക്കൽ അടിമയായിത്തീർന്നാൽ എല്ലാക്കാലത്തും അടിമയായി തുടരണമെന്നത് അമേരിക്കനടിമകളുടെ ഭാഗധേയമായിരുന്നില്ല. പക്ഷേ, ഒരിക്കൽ അയിത്തജാതിക്കാർ ആയാൽ എക്കാലത്തും അവർ അയിത്തജാതിക്കാർ തന്നെയാണ്. മറ്റൊരു വ്യത്യാസമുള്ളത്, അയിത്തം അടിമത്തത്തിന്റെ പരോക്ഷരൂപമാണെന്നാണ്. മനുഷ്യരുടെ സ്വാതന്ത്ര്യം പ്രത്യക്ഷമായിത്തന്നെ അപഹരിച്ച് അടിമകളാക്കുന്നതാണ് അമേരിക്കയിലെ രീതി. ഇത് 'മെച്ചപ്പെട്ട' മാർഗമാണ്. കാരണം, ഇത് അടിമയെ അടിമത്തത്തെക്കുറിച്ച് ബോധമുള്ളവരാക്കി മാറ്റുകയും സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ പ്രഥമവും പ്രധാനവുമായ പടിയാക്കി മാറ്റുകയും ചെയ്യുന്നു. മനുഷ്യരുടെ സ്വാതന്ത്ര്യം പരോക്ഷമായാണ് എടുത്തുകളയുന്നതെങ്കിൽ അവർക്ക് അടിമവത്കരണത്തെക്കുറിച്ച് ബോധമുണ്ടാകില്ല. ഇതാണ് അയിത്തത്തെ കൂടുതൽ ഹീനമാക്കുന്നത്.[15]

എന്നാൽ ദളിത്പഠനങ്ങളിൽ വ്യാപൃതയായിരുന്ന എലനോർ സെലിയറ്റ് (1926-2016) 'ബി.ആർ അംബേദ്കറുടെ അമേരിക്കനനുഭവം' (The American Experience of B.R Ambedkar) എന്ന പ്രബന്ധത്തിൽ (ഈ പ്രബന്ധം അവരുടെ 'From Untouchable to Dalit' എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എഴുതുന്നു: 'അംബേദ്കറുടെ രചനകളിൽ അമേരിക്കയിലെ 'നീഗ്രോ'കളും ഇന്ത്യയിലെ അയിത്തജാതിക്കാരും തമ്മിലുള്ള പ്രത്യക്ഷമായ താരതമ്യം കാണാൻ കഴിയില്ല.[16] അമേരിക്കയിലെ അടിമകളും ഇന്ത്യയിലെ അയിത്തജാതിക്കാരും തമ്മിലുള്ള താരതമ്യം മേൽസൂചിപ്പിച്ച പ്രബന്ധത്തിൽ അംബേദ്കർ നടത്തുന്നുണ്ട് എന്നു മാത്രമല്ല അടിമത്തത്തെക്കുറിച്ച് വെള്ളക്കാരായ അമേരിക്കക്കാർക്ക് ഉള്ളതു പോലുള്ള സാമൂഹികവും സാമാന്യവുമായ ഒരു ധർമബോധം ജാതിഹിന്ദുക്കൾക്കില്ല എന്നും അദ്ദേഹം അതിൽ പറയുന്നുണ്ട്.

രണ്ട് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ തമ്മിൽ പ്രത്യക്ഷ താരതമ്യ ചിന്തനത്തിന് അംബേദ്കർ മുതിരുകയുണ്ടായിരുന്നില്ല എന്ന എലനോർ സെലിയറ്റിന്റെ നിരീക്ഷണത്തിനു പിന്നിലുള്ള കാരണത്തെക്കുറിച്ച് എസ്. ഡി കപൂർ നൽകുന്ന വിശദീകരണമിതാണ്: 'രണ്ട് അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾ തമ്മിലുള്ള പ്രത്യക്ഷ താരതമ്യവിചാരം അംബേദ്കറിന്റെ രചനകളിൽ കാണുന്നില്ല എന്ന് എലനോർ സെലിയറ്റ് പ്രസ്താവിക്കുന്നതിന്റെ

പിന്നിലുള്ളത് അംബേദ്കർ അയിത്തത്തിന് ഒരു വംശീയാടിസ്ഥാനം (racial basis) കല്പിച്ചിരുന്നില്ല എന്നതത്രെ.[17] ഇതുകൊണ്ടാണ് അംബേദ്കർ ആക്കൻ-അമേരിക്കക്കാരുടെ പോരാട്ടങ്ങളാൽ സ്വാധീനിക്കപ്പെട്ടിരുന്നില്ല എന്നും അമേരിക്കൻ സംസ്കാരത്തെപ്പറ്റിയുള്ള അംബേദ്കറുടെ അറിവ് സ്വരാജ്യത്തെ സാമൂഹികാവസ്ഥയെ അപഗ്രഥിക്കാൻ അദ്ദേഹം ഉപയോഗപ്പെടുത്തിയില്ല എന്നുമുള്ള നിഗമനത്തിലേക്ക് സെലിയറ്റ് എത്തിച്ചേരുന്നത്. സെലിയറ്റിനെ സംബന്ധിച്ചിടത്തോളം 'അംബേദ്കറുടെ അമേരിക്കനനുഭവം' മുഖ്യമായും അദ്ദേഹത്തെ പ്രതിബദ്ധമാക്കിയത് പ്രായോഗികവും അയവുള്ളതുമായ ഒരു ജനാധിപത്യവ്യവസ്ഥ ഇവിടെ വികസിപ്പിക്കുന്നതിലായിരുന്നു'. അങ്ങനെ സെലിയറ്റ്, വെള്ളക്കാരായ അമേരിക്കക്കാരുടെ സമത്വാധിഷ്ഠിത സമൂഹസൃഷ്ടിയുടെ പരിശ്രമത്തിലുള്ള ഏകമുഖതാല്പര്യത്തിൽ അംബേദ്കറുടെ അമേരിക്കൻ അനുഭവത്തെ വെട്ടിച്ചുരുക്കി.

അമേരിക്കൻ ജനാധിപത്യത്തിന്റെ വേഷഭൂഷകൾ അംബേദ്കർക്കു മുൻപിൽ തുറന്നുവയ്ക്കപ്പെട്ടപ്പോൾ തന്നെ കറുത്ത അമേരിക്കയുടെ (Black America) തിക്തയാഥാർഥ്യവും അദ്ദേഹത്തിന് ദൃശ്യമായിരുന്നു. എന്നാൽ അംബേദ്കറുടെ അനുഭവത്തിലെ ഈ കറുത്ത അമേരിക്കയുടെ ഭാഗം വേണ്ടത്ര ശ്രദ്ധയിൽപ്പെടാതെ പോവുകയോ ഗൗരവപൂർണമായ ഗവേഷണത്തിന് വിഷയീഭവിക്കുകയോ ചെയ്തില്ലെന്ന് കപൂർ തുടർന്നെഴുതുന്നു.[18]

അംബേദ്കർ കൊളംബിയ സർവകലാശാലയിൽ പഠിക്കുന്ന കാലത്ത് (1913-16) ബ്ലാക്ക് അമേരിക്കയുടെ ചരിത്രത്തിലെ ഒരു നിർണായകഘട്ടമായിരുന്നു. ഹാർലം നവോത്ഥാനത്തിന്റെ ആരംഭകാലമായിരുന്നു അത്. ആഫ്രിക്കൻ-അമേരിക്കക്കാരുടെ വംശീയവിവേചനത്തിനെതിരായ പോരാട്ടം അമേരിക്കൻ ആഭ്യന്തരയുദ്ധത്തിനും ഭരണഘടനയുടെ പതിനഞ്ചാം ഭേദഗതിക്കു ശേഷവും തുടരുന്നുണ്ടായിരുന്നു. ആഫ്രിക്കൻ-അമേരിക്കൻ എഴുത്തുകാരും ചിന്തകരും കലാകാരൻമാരും കറുത്ത വർഗക്കാരുടെ ജീവിതാസ്തിത്വത്തിന്റെ വശങ്ങളെ വെള്ളക്കാരിൽ നിന്ന് വേർതിരിച്ചു കാണാൻ തുടങ്ങിയിരുന്നു. വെള്ളക്കാർ വിഭാവനം ചെയ്ത ആഫ്രിക്കൻ-അമേരിക്കൻ അസ്തിത്വത്തിൽ നിന്നുള്ള വിടുതലിനായുള്ള സമരമാണ് അക്കാലത്ത് നടന്നത്. കൊളംബിയ സർവകലാശാല ഹാർലമിന്റെ സമീപവുമായിരുന്നു. ഹാർലം നവോത്ഥാനകാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന ചലനങ്ങളെപ്പറ്റി അംബേദ്കർക്ക് ബോധ്യമില്ലാതിരിക്കാൻ അതുകൊണ്ടുതന്നെ ഒരിടയുമില്ല.

അക്കാലത്ത് ആഫ്രിക്കൻ-അമേരിക്കൻ ചിന്തകരായ ബുക്കർ ടി.

വാഷിംഗടണും ഡബ്ല്യൂ.ഇ.ബി. ഡുബോയിസും തമ്മിൽ ആഫ്രിക്കനമേരിക്ക ക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വാദപ്രതിവാദങ്ങളുമുണ്ടായിരുന്നു. ഇരുവ രുടെയും വിദ്യാഭ്യാസത്തെപ്പറ്റിയുള്ള സമീപനം എതിർധ്രുവങ്ങളിലായിരുന്നു. ബുക്കർ ടി. വാഷിംഗ്ടനും ഡുബോയിസും ആഫ്രിക്കൻ-അമേരിക്കക്കാർ നേടേണ്ട വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ തീക്ഷ്ണമായി വിയോജിച്ചു. ബുക്കർ ടി.വാഷിംഗ്ടൺ, ആഫ്രിക്കൻ-അമേരിക്കക്കാർ വെള്ളക്കാരെപ്പോലെ ആവാനല്ല കാംക്ഷിക്കേണ്ടതെന്നും തങ്ങൾക്ക് ചെയ്യാൻ പറ്റുന്ന ജോലികളിൽ സംതൃപ്തി കണ്ടെത്തണമെന്നുമുള്ള പക്ഷക്കാരനായിരുന്നു. താൻ സ്ഥാപിച്ച ടസ്ഗീ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളിലാണ് വാഷിംഗ്ടൺ വ്യാപൃത നായിരുന്നത്. ആഫ്രോ-അമേരിക്കക്കാരെ മെക്കാനിക്കൽ ജോലികൾ പരിശീലിപ്പിക്കുന്നതിലായിരുന്നു ആ സ്ഥാപനം അക്കാലത്ത് ശ്രദ്ധ കേന്ദ്രീക രിച്ചിരുന്നത്. എന്നാൽ ഡുബോയിസിന്റെ നിലപാട് വിപ്ലവാത്മകമായിരുന്നു. ആഫ്രിക്കൻ-അമേരിക്കക്കാർ ഏറ്റവും മികച്ച വിദ്യാഭ്യാസം നേടണമെന്നും വെള്ളക്കാരോട് മൽസരിക്കാനും അവരോടൊപ്പം കിടപിടിക്കാനുമുള്ള പ്രാപ്തി കൈവരിക്കണമെന്നും ഡുബോയിസ് വാദിച്ചു. വെറും മെക്കാനിക്കൽ ജോലികളിൽ അവരെ തളച്ചിടരുത്.[19]

എ.എൻ. രാജശേഖര ഇതേപ്പറ്റി എഴുതുന്നു: 'അമേരിക്ക സൃഷ്ടിച്ച ഏറ്റവും ശ്രദ്ധേയ വ്യക്തിത്വമായിരുന്നു ജോർജ് ടി.വാഷിംഗ്ടൺ. അടിമസ്ത്രീയുടെ മകനായി ജനിച്ച് സ്വദർശനവും സ്ഥിരോൽസാഹവും കൊണ്ട് നേതാവായി ത്തീർന്ന വ്യക്തി. അമേരിക്കയിലെ പഠനകാലത്ത് ജോർജ് ടി. വാഷിംഗ്ട ണെപ്പറ്റി പലപാട് കേട്ടിരിക്കാനിടയുള്ള അംബേദ്കറിൽ അദ്ദേഹത്തിന്റെ സ്വാധീനം അശേഷം ഇല്ലായിരുന്നു എന്ന് പറയുന്നത് അചിന്ത്യമാണ്.[20] രാജശേഖരയുടെ പുസ്തകത്തിന്റെ അവസാനംഅംബേദ്കർ ഡുബോയിസിന് എഴുതിയ കത്തിനെപ്പറ്റിയും പരാമർശിക്കുന്നുണ്ട്.[21] 1946 ജൂലൈ 2-നാണ് ഈ കത്ത് ജോർജിയയിലെ അറ്റ്ലാന്റ സർവകലാശാലയുടെ മേൽവി ലാസത്തിൽ അംബേദ്കർ ഡുബോയിസിന് അയക്കുന്നത്. ഡുബോയിസ് അപ്പോൾ അവിടെ പ്രൊഫസറായിരുന്നു. ഇന്ത്യയിലെ അയിത്തജാതിക്കാ രുടെ പ്രശ്നം പുതുതായി രൂപംകൊണ്ട ഐക്യരാഷ്ട്രസഭയിൽ ഉയർത്താനുള്ള സാധ്യതകൾ ആരായുന്നതായിരുന്നു കത്ത്. അംബേദ്കർക്ക് തീർച്ചയായും ഡുബോയിസിനെ അറിയാമായിരുന്നുവെന്നും ഡുബോയിസിന്റെ കൃതികൾ അംബേദ്കർ വായിച്ചിരിക്കാമെന്നുമാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്.[22]

വംശത്തെയും ലിംഗപദവിയെയും വർഗ-ഭാഷാ-പ്രദേശാതിർത്തി

കൾക്കപ്പുറമുള്ള സാമൂഹികയാഥാർഥ്യമെന്ന നിലയിൽ പ്രശ്നവത്കരിച്ചുള്ള പഠനമനനങ്ങൾ പോൾ ഗിൽറോയ്, റ്റോണി മോറിസൺ, ബെൽ ഹുക്സ്, ആഞ്ജല ഡേവിസ് തുടങ്ങിയ പാശ്ചാത്യ അക്കാദമിക ധൈഷണികരും ജാതി-ലിംഗപദവികളെ പ്രശ്നവത്കരിക്കുന്ന പഠനങ്ങൾ ഇന്ത്യയിൽ ഗോപാൽ ഗുരു, ഷർമിള റെഗെ, ഉമ ചക്രവർത്തി ഗെയ്ൽ ഓംവെത്ത് തുടങ്ങിയ മറ്റു ചിലരും നടത്തിയിട്ടുണ്ട്. ഇസബെൽ വിൽകെർസണിന്റെ പഠനം 'ജാതി' എന്ന പൊതുശീർഷകത്തിൽ അമേരിക്കയിലും ഇന്ത്യയിലും അഭംഗുരം തുടരുന്ന വംശീയ ജാതീയഹിംസയെയും അപമാനവീകരണത്തെയും അഭിസംബോധന ചെയ്യുന്നു. വംശ-ജാതി-ലിംഗ വിവേചനങ്ങൾക്കെതിരെ ആഗോളമായി ഒരു ധൈഷണിക സമരമുഖം തുറക്കപ്പെടുന്നതിന്റെ നിദർശന മായി ഇവയെല്ലാം കാണാം. ജോതിബ ഫുലെയും അംബേദ്കറും ആ ദിശയിൽ പ്രാരംഭ നിരീക്ഷണങ്ങളും ഉൾക്കാഴ്ചകളും മുന്നോട്ടുവെച്ചവരത്രെ.

## കുറിപ്പുകൾ

1 Sukhadeo Thorat and Umakant (ed).,2004. Caste, Race, and Discrimination – Discourses in International Context, New Delhi: Rawat. Balmurali, Natartajan and Paul Greenough,2009, Against Stigma: Studies in Caste, Race and Justice since Durban. Hydrebad: Orient Blackswan.

2 Isabel Wilkerson, 2020,Caste: The Lies that Divide Us. India, UK: Allen Lane/Penguin Random House.

3 Romila Thapar, The Past as Present: Forging Contemporary Identities Through History, New Delhi: Aleph Book Company, 2014, p. 48.

4 Irfan Habeeb, The Indus Civilization, New Delhi: Tulika Books, 2015, pp. 83-84..

5 Gail Omvedt, Jotirao Phule and the Ideology of Social Revolution in India, New Delhi: Critical Quest, 2004, p. 48.

6 'നീഗ്രോ' എന്ന വാക്ക് സാമൂഹികമായി അസ്വീകാര്യമല്ലാതായിട്ട് ആറ് പതിറ്റാണ്ടെങ്കിലുമായി. 1967-ൽ അമേരിക്കൻ പൗരാവകാശ പ്രസ്ഥാനത്തിന്റെയും ആഗോള പാൻ ആഫ്രിക്കൻ പ്രസ്ഥാനത്തിന്റെയും സംഘാടകരിലൊരാളായ സ്റ്റോക് ലി കാർമെക്ക്ൾ 'Black Power: The Politics of Liberation in America' എന്ന പുസ്തകം പ്രസിദ്ധീകരിച്ചതോടെ നീഗ്രോ എന്ന പ്രയോഗം കറുത്തവർ (Black) എന്ന വാക്കിന് വഴിമാറി. തുടർന്ന് പ്രബല ബ്ലാക്ക് പ്രസിദ്ധീകരണമായ Ebony പോലുള്ളവ ബ്ലാക്ക് എന്ന പദം ഉപയോഗിച്ചു തുടങ്ങി. ഡബ്ല്യൂ.ഇ.ബി. ഡുബോയിസ് അദ്ദേഹത്തിന്റെ രചനകളിൽ 'Colored'

എന്ന വാക്കിന് പകരം നീഗ്രോ തന്നെയാണ് ഉപയോഗിച്ചിരുന്നത്. പദോത്പത്തിപരമായും സ്വരസൂചകപരമായും കൂടുതൽ അഭിലഷണീയം നീഗ്രോ ആണെന്ന് ഡുബോയിസ് വാദിച്ചിരു ന്നുവെങ്കിലും പിന്നീട് അദ്ദേഹവും 'ബ്ലാക്' ഉപയോഗിക്കാൻ തുടങ്ങി. 1980-കളിൽ ജെസ്സി ജാക്സന്റെ നേതൃത്വത്തിലാണ് 'ആഫ്രിക്കൻ-അമേരിക്കൻ' എന്ന പ്രയോഗം പ്രചാരം നേടിയത് ഇപ്പോൾ അമേരിക്കയിലെ കറുത്ത വർഗക്കാരെ കുറിക്കാൻ 'ആഫ്രിക്കൻ-അമേരിക്കൻ' എന്ന വാക്കാണ് വ്യാപകമായി ഉപ യോഗിക്കുന്നത്. ജോതിറാവു ഫൂലെ എഴുതുന്ന കാലത്ത് നീഗ്രോ എന്ന വാക്കിനു തന്നെയായിരുന്നു പ്രചുര പ്രചാരം; അത് വെള്ളക്കാർ ഉണ്ടാക്കിയ വാക്കായിരുന്നുവെങ്കിലും. ഫൂലെയുടെ പാഠത്തിലെ പ്രയോഗം അതേപടി നിലനിർത്തുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തിട്ടുള്ളത്, ഈ പ്രബന്ധത്തിലെ മറ്റിടങ്ങളിൽ 'ആഫ്രിക്കൻ-അമേരിക്കക്കാർ' എന്നുതന്നെയാണ് എഴുതിയിരിക്കുന്നത്..

7 G.D Deshpande, (ed.), Selected Works of Jotirao Phule, New Delhi: LeftWord Books, 2002, p. 38.

8 Dhananjay Keer, Mahatma Jotirao Phule, Bombay: Popular Prakashan, 1974, pp. 13-14.

9 Christophe Jeffrelot, Dr. Ambedkar and Untouchability, New Delhi: Permanent Black, 2005, p.15.

10 Sunil Khilnani, Incarnations: A History of India in 50 Lives, Penguin Random House, Gurgaon, 2026, p. 179.

11 Ibid., p.178

12 Sanal Mohan, Modernity of Slavery: Struggles Against Caste Inequality in Colon-al Kerala, New Delhi: Oxford University Press, pp.83-84.

13 Dananjay Keer, Mahatma Jotirao Phule, p. 40

14 Ambedkar Writings and Speeches, Vol. 5, (compiled by Vasant Moon), Education Department, Government of Maharashtra, 1989, p.15

15 Eleanor Zelliot, From Untouchable to Dalit, New Delhi: Manohar, 1988, pp. 79-80.

16 ന്യൂയോർക്ക്നഗരത്തിലെമാൻഹാട്ടൻഅയൽപക്കമായഹാർലമിലാണ്1910 1930 കാലത്ത് ആഫ്രിക്കൻ-അമേരിക്കൻ സംസ്കാര ത്തിന്റെയും കലയുടെയും ചിന്തയുടെയും ആവേശകരമായ വിസ്ഫോടനം സംഭവിച്ചത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം വരെ വെള്ളക്കാരായ വരേണ്യ അമേരിക്കക്കാരുടെ ആവാസകേന്ദ്രമായിരുന്നു ഹാർലം. ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്ലാക്ക് ബൊഹീമിയ എന്നറിയപ്പെട്ടിരുന്ന സമീപ പ്രദേശത്തുനിന്ന് ആഫ്രിക്കൻ-അമേരിക്കക്കാർ ഹാർലമിൽ വന്ന് താമസിക്കാൻ തുടങ്ങി. ഇക്കാലത്തുതന്നെ അമേരിക്കയുടെ ദക്ഷിണഭാഗത്തുനിന്ന് ഉത്തരഭാഗത്തേക്ക്

ആഫ്രിക്കൻ-അമേരിക്കക്കാരുടെ കുടിയേറ്റവും നടക്കുന്നുണ്ടായിരുന്നു. ഡബ്ല്യ .ഇ.ബി ഡുബോയിസ് ഒക്കെ അങ്ങനെയാണ് ഉത്തര അമേരിക്കയിലെത്തിയത്. ഇത് മഹാകുടിയേറ്റം എന്നറിയപ്പെടുന്നു. 1929-ൽ ആരംഭിച്ച മഹാസാമ്പത്തികമാന്ദ്യമാണ് ഹാർലം നവോത്ഥാനത്തെ പരീക്ഷണമാക്കിയത്.

17 S.D. Kapoor, 'B.R Ambedkar, WEB. DuBois and the Process of Liberation, Economic and Political Weekly, December 27, 2003, pp. 5344 – 49.

18 Ibid

19 A.N Rajasekhariah, B.R Ambedkar: The Politics of Emancipation, Bombay: Sindhu Publication, 1994, p. 11.

20 എ.എൻ രാജശേഖര ഈ കത്ത് കണ്ടെടുക്കുന്നത് ബോംബെയിലെ സിദ്ധാർഥ് കോളേജ് ലൈബ്രറിയിൽ നിന്നാണ്. അംബേദ്കർ ക്യാബിനറ്റ് മിഷനുമായും ദേശീയപ്രസ്ഥാന നേതാക്കളുമായും കത്തിടപാടുകൾ സൂക്ഷിച്ച ഫയലിൽ നിന്നാണ് ഈ കത്ത് കിട്ടിയത്.

## ആധാരസൂചി

1. Ambedkar Writings and speeches Vol. 5. (compiled by Vasant Moon),1989,Bombay: Education Department, Govt. of Maharashtra.

2. Deshpande, G.D. (ed). 2002, Selected Works of Jotirao Phule, New Delhi: Left word Books.

3. Gilroy, Paul. 1993, The Black Atlantic Modernity and Double Consciousness. London: Verso.

4. Gramsci, Antonio (ed; trans. By Quintine Hoare and Geoffry Nowellsmith). 1987, Selections from the Prison Notebook. New York: International Publishers.

5. Herman, Gad and James, Walvin, eds. 2003, The Slavery Reader. New York: Routledge.

6. Jadhav, Narendra. 2014, Ambedkar: Awakening India's Social Conserance. New Delhi: Konark Publishers International.

7. Jeffrelot, Christophe. 2005. Dr. Ambedkar and Untouchability. New Delhi. Permanent Black.

8. Keer, Dhananjay. 1974. Mahatma Jotirao Phule. Bombay: Popular Prakashan.

9. Mohan, Sanal. 2015. Modernity of Slavery: Struggles Against Caste Inequality in Colonial Kerala. New Delhi: Oxford University Press.

10. Omvedt, Gail. 2004. Ambedkar: Towards an Enlightened India. New Delhi: Penguin.

11. Rajasekhariah, A.N. 1994. B.R Ambedkar: The Politics of Emancipation. Bombay: Sindhu Publication.

12. Roy, Arundhati. 2014. The Doctor and the Saint. Gurgaon: Penguin Random House.

13. Saradamani, K. 1980 Emergence of a Slave Caste.: Pulayas of Kerala. Delhi: Peoples Publishing House.

14. Thapar, Romila. 2008. The Aryan: recasting Constructs. New Delhi: Three Essays Publications.

15. Thorat, S.K. and Umakant, (eds). 2004. Caste, Race, and Discrimination: Discourses in International Context. New Delhi: Rawat.

16. Zelliot, Eleanor. 1988. From Untouchable to Dalit. New Delhi: Manohar.

17. Zinn, Howard and Anthony Arnove. 2004. Voices of a People's History of the United States. New York: Seven Stories Press.

## Journals

1. Kapoor, S.D. 2003. 'B.R Ambedkar, W.E.B. DuBois and the Process of Liberation' Economic and Political Weekly, 27 December: 5344-5349.

2. Natarajan, Balmurli. 2007. 'Misrepresenting Caste and Race', Seminar, April.

*shinasamm@gmail.com*